# ദേശീയ കന്നുകാലി മിഷൻ 2021 – 22

## കോഴി വളർത്തൽ, ആട് വളർത്തൽ, പന്നി വളർത്തൽ, തീറ്റപ്പുൽ സംസ്കരണം
## എന്നിവയിലെ സംരംഭകത്വ വികസന പദ്ധതികൾ

### ഗ്രാമീണ മേഖലയിലെ സ്വകാര്യ സംരംഭകർക്ക് 50% വരെ Back ended സബ്സിഡി

- സ്വകാര്യ സംരംഭകർക്ക് ഗ്രാമീണ കോഴി, ആട്, പന്നി വളർത്തൽ, തീറ്റപ്പുൽ കൃഷി എന്നിവയ്ക്ക് 50% വരെ തിരികെ അവസാനിച്ച മൂലധന (Back ended) സബ്സിഡി നൽകുന്ന പദ്ധതിയാണിത്.
- സ്വകാര്യ വ്യക്തികൾ/സ്വയം സഹായ സംഘങ്ങൾ/ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സെക്ഷൻ 8 കമ്പനികൾ എന്നിവയ്ക്ക് സബ്സിഡി ലഭിക്കുന്നതാണ്.
- മൂലധന ചെലവുകൾക്ക് (സ്ഥലത്തിന്റെ വിലയൊഴികെ) മാത്രമാണ് സബ്സിഡി ലഭിക്കുക

### ഉദ്ദേശ്യങ്ങൾ

- കോഴി, ആട്, പന്നി വളർത്തൽ, തീറ്റപ്പുൽ സംസ്കരണം എന്നി മേഖലകളിൽ സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.
- രോഗമുക്തമായതും മികച്ച ഉൽപ്പാദന ശേഷിയുമുള്ള കോഴി, ആട്, പന്നി എന്നിവയെ കൂടുതലായി ഉൽപ്പാദിപ്പിക്കുക.
- തീറ്റപ്പുൽ സംസ്കരണം നടത്തുക.

### സംരംഭകൻ – യോഗ്യതകൾ

- സ്വകാര്യ വ്യക്തികൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകൾ, സെക്ഷൻ 8 കമ്പനികൾ എന്നിവർ അർഹരാണ്.
- ഫാമുകളിൽ കോഴി, ആട്, പന്നി എന്നിവയെ വളർത്തിയ അനുഭവ പരിചയം/ പരിശീലനം
- ഉചിതമായ സ്ഥലത്ത് ആവശ്യമായ സ്ഥലം അപേക്ഷകൻ ഒരുക്കേണ്ടതാണ്, സ്ഥലം സ്വന്തമായോ/ ലീസ് വ്യവസ്ഥയിലോ ഉണ്ടായിരിക്കണം.
- കുറഞ്ഞത് (1000+100) കോഴികൾ, (500+25) ആടുകൾ, (100+10) പന്നികൾ എന്നിവയെ വളർത്തുന്ന ഫാമുകൾ പദ്ധതിമാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം സ്ഥാപിക്കേണ്ടതാണ്.
- ബാങ്കുകൾക്ക് ആവശ്യമായ രേഖകൾ (KYC, ITR, Permit etc) സംരംഭ കർ തന്നെ ശരിയാക്കേണ്ടതാണ്.

- പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം വിശദമായ പദ്ധതി പ്രൊപ്പോസലുകൾ സംരംഭകർ തയ്യാറാക്കേണ്ടതാണ്.
- താൽപ്പര്യമുള്ള സംരംഭകൻ മാനദണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതിരേഖ തയ്യാറാക്കി ആവശ്യമായ രേഖകൾ സഹിതം അപേക്ഷ **KLDB/AHD** വെബ്സൈറ്റിൽ സമർപ്പിക്കണം.
- ബാങ്കുകൾ മുഖേന സംരംഭകർ ലോണുകൾ തരപ്പെടുത്തേണ്ടതാണ്
- കേന്ദ്ര സർക്കാരിന്റെ മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പ്, സബ്സിഡി പരിധിക്കുള്ളിൽ നിന്നുകൊണ്ട്, 50% സബ്സിഡി അർഹരായ ഗുണഭോക്താക്കൾക്ക് അവർ ലോൺ എടുക്കുന്ന ബാങ്കിലേയ്ക്ക് നൽകുന്നതാണ്.
- ഏത് ബാങ്ക് വഴിയാണ് പദ്ധതിയ്ക്കുള്ള ഫണ്ട് ലോണായി സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കുന്ന രീതിയിൽ വേണം അപേക്ഷ സമർപ്പിക്കുവാൻ
- സബ്സിഡി കേന്ദ്ര സർക്കാർ **SIDBI** വഴിയായിരിക്കും നൽകുക

## <u>സബ്സിഡി പരിധി (പരമാവധി)</u>

- കോഴി വളർത്തൽ – 25 ലക്ഷം
- ആട് വളർത്തൽ – 50 ലക്ഷം
- പന്നി വളർത്തൽ – 30 ലക്ഷം
- തീറ്റപ്പുൽ സംസ്കരണം – 50 ലക്ഷം

- സംസ്ഥാന നിർവ്വഹണ ഏജൻസി - കെ.എൽ.ഡി.ബോർഡ് / മൃഗസംരക്ഷണ വകുപ്പ് ആയിരിക്കും
- താൽപ്പര്യ പത്രവും അപേക്ഷയും മറ്റു രേഖകളും കെ.എൽ.ഡി.ബോർഡിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്ന അവസരത്തിൽ ഇതിലേയ്ക്ക് ആവശ്യമുള്ള പ്രോസസ്സിംഗ് ഫീസ് **NEFT** മുഖേന അടയ്ക്കേണ്ടതാണ്.

## <u>സംസ്ഥാന നിർവ്വഹണ ഏജൻസിയുടെ ഉത്തരവാദിത്വങ്ങൾ</u>

1. "താൽപ്പര്യപ്രകടന പത്രം" ക്ഷണിച്ച് സംരംഭകരുടെ അപേക്ഷകൾ ശേഖരിക്കുക
2. ജില്ലാതലത്തിലും താഴോട്ടുമുള്ള ഓഫീസുകളിലേയ്ക്ക് സംരംഭകത്വ പദ്ധതിയെക്കുറിച്ച് അവബോധം സൃഷ്ടിക്കുവാനും, യോഗ്യരായ ഗുണഭോക്താക്കളിൽ നിന്നും അപേക്ഷകൾ സ്വീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുക.

3. ലഭ്യമായ അപേക്ഷകൾ സൂക്ഷ്മ പരിശോധന നടത്തി, യോഗ്യമായ പ്രോജക്ടുകൾ ധനസഹായത്തിനായി ബാങ്കുകളിലേയ്ക്ക് ശുപാർശ ചെയ്യുക.

4. ബാങ്കുകൾ അംഗീകരിച്ച് നൽകുന്ന പ്രോജക്ടുകൾ സംസ്ഥാനതല എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അംഗീകാരത്തിന് സമർപ്പിക്കുക.

5. സംസ്ഥാനതല എക്സിക്യൂട്ടിവ് കമ്മിറ്റി അംഗീകരിക്കുന്ന പ്രോജക്ടുകൾ ഓൺലൈൻ പോർട്ടലിലൂടെ കേന്ദ്ര സർക്കാരിലേയ്ക്ക് അയയ്ക്കുക.

6. അംഗീകാരം കിട്ടിയ പ്രോജക്ടുകൾ തുടക്കം മുതൽ രണ്ട് വർഷക്കാലത്തേയ്ക്ക് നിരീക്ഷിക്കുക.

7. ആസ്തികൾ മുഴുവൻ GIS ടാഗിംഗിലൂടെ നിരീക്ഷിക്കുന്നതാണ്.

# I. ഗ്രാമീണ കോഴിവളർത്തൽ സംരംഭകത്വ പദ്ധതി

## 1000 കോഴികൾക്കുള്ള പേരന്റ് ഫാം, ഹാച്ചറി യൂണിറ്റ്, ബ്രൂഡർ മദർ യൂണിറ്റ്, എന്നിവ ഉൾപ്പെട്ട സംയോജിത യൂണിറ്റ്

### 1. പേരന്റ് ഫാം

| ക്രമ നം | വിവരങ്ങൾ | മൊത്തം യൂണിറ്റ് | യൂണിറ്റ് തുക (രൂപ) | മൊത്തം യൂണിറ്റ് തുക (രൂപ) |
|---|---|---|---|---|
| 1 | ഷെഡ് നിർമ്മാണം (30' x 100') | 3000 സ്ക്വയർ ഫീറ്റ് | 250/- | 7,50,000/- |
| 2 | വൈദ്യുത ബ്രൂഡർ (1000 DOC/ബ്രൂഡർ) | 2 എണ്ണം | 1500/- | 3,000/- |
| 3 | കോഴിക്കുഞ്ഞുങ്ങൾക്കുള്ള ഫീഡർ (60 കുഞ്ഞുങ്ങൾക്ക് ഒരു ഫീഡർ) | 18 എണ്ണം | 150/- | 2,700/- |
| 4 | കോഴിക്കുഞ്ഞുങ്ങൾക്കുള്ള ഡ്രിങ്കർ (60 കുഞ്ഞുങ്ങൾക്ക് ഒരു ഡ്രിങ്കർ) | 18 എണ്ണം | 130/- | 2,340/- |
| 5 | മുതിർന്ന കോഴികൾക്കുള്ള ഫീഡർ (60 കോഴികൾക്ക് ഒരു ഫീഡർ) | 18 എണ്ണം | 320/- | 5,760/- |
| 6 | മുതിർന്ന കോഴികൾക്കുള്ള ഡ്രിങ്കർ (60 കോഴികൾക്ക് ഒരു ഡ്രിങ്കർ) | 18 എണ്ണം | 330/- | 5,940/- |
| 7 | പേരന്റ് സ്റ്റോക്കിന്റെ വില (1000 പിട + 100 പൂവൻ) | 1100 എണ്ണം | 90/- | 99,000/- |
| | ആകെ | | | 8,68,740/- |

### 2. ഹാച്ചറി യൂണിറ്റ്

ആഴ്ച തോറും 3000 മുട്ട വിരിയിക്കുവാനുള്ള ഹാച്ചിംഗ് യൂണിറ്റ് (ഒരു ദിവസം പ്രായമായ DOC 2250 കുഞ്ഞുങ്ങൾ ലഭിക്കുവാൻ)

| ക്രമ നം. | വിവരങ്ങൾ | മൊത്തം യൂണിറ്റ് | യൂണിറ്റ് തുക (രൂപ) | മൊത്തം യൂണിറ്റ് തുക (രൂപ) |
|---|---|---|---|---|
| 1 | ഹാച്ചറി കെട്ടിട നിർമ്മാണം (30' x 100') | 3000 സ്ക്വയർ ഫീറ്റ് | 200/- | 6,00,000/- |
| 2 | ഇൻകുബേറ്റർ (15000 മുട്ട കപ്പാസിറ്റി) | 1 എണ്ണം | 4,00,000/- | 4,00,000/- |
| 3 | ഹാച്ചർ (5000 മുട്ട കപ്പാസിറ്റി) | 1 എണ്ണം | 2,00,000/- | 2,00,000/- |
| 4 | ജനറേറ്റർ സെറ്റ് (15 കെ.വി.എ) | 1 എണ്ണം | 1,50,000/- | 1,50,000/- |
| | ആകെ | | | 13,50,000/- |

3. **മദർ യൂണിറ്റ്** ( 2000 കുഞ്ഞുങ്ങളെ 4 ആഴ്ച വരെ ബ്രൂഡ് ചെയ്യുന്നതിന്)

| ക്രമ നം. | വിവരങ്ങൾ | മൊത്തം യൂണിറ്റ് | യൂണിറ്റ് തുക (രൂപ) | മൊത്തം യൂണിറ്റ് തുക (രൂപ) |
|---|---|---|---|---|
| 1 | ഷെഡ് നിർമ്മാണം (20' x 50' x 4എണ്ണം) (8000 DOC) | 4000 സ്ക്വയർ ഫീറ്റ് | 300/- | 12,00,000/- |
| 2 | വൈദ്യുത ബ്രൂഡർ (1000 DOC /ബ്രൂഡർ) | 6 എണ്ണം | 1500/- | 9,000/- |
| 3 | ചിക്ക് ഫീഡർ (50 DOC /ഫീഡർ) | 160 എണ്ണം | 150/- | 24,000/- |
| 4 | ചിക്ക് ഡ്രിങ്കർ (50 DOC /ഡ്രിങ്കർ) | 160 എണ്ണം | 130/- | 20,800/- |
| | ആകെ | | | 12,53,800/- |

**മൊത്തം പദ്ധതി തുക (രൂപ) 34,72,540.00**

## II. മാതൃകാ ആട് വളർത്തൽ സംരംഭകത്വ പദ്ധതി

| ക്രമ നം. | വിവരങ്ങൾ | മൊത്തം യൂണിറ്റ് | യൂണിറ്റ് തുക (രൂപ) | മൊത്തം യൂണിറ്റ് തുക (രൂപ) |
|---|---|---|---|---|
| 1 | പേരെന്റ് സ്റ്റോക്കിനുള്ള കൂട് നിർമ്മാണം (55 X 100 അടി) | 5500 സ്ക്വയർ ഫീറ്റ് | 400/- | 22,00,000/- |
| 2 | കുട്ടികൾക്കും, രോഗമുള്ളവയ്ക്കുമുള്ള കൂട് | 3500 സ്ക്വയർ ഫീറ്റ് | 200/- | 7,00,000/- |
| 3 | പെണ്ണാടുകളുടെ വില | 500 എണ്ണം | 8000/ | 40,00,000/- |
| 4 | മുട്ടനാടുകളുടെ വില | 25 എണ്ണം | 13,000/- | 3,25,000/- |
| 5 | ട്രാൻസ്പോർട്ടേഷൻ ചെലവ് | 525 എണ്ണം | 100/- | 52,500/- |
| 6 | തീറ്റപ്പുൽകൃഷി | 5 ഏക്കർ | 1,00,000/- | 5,00,000/- |
| 7 | ചാഫ്കട്ടർ | 2 എണ്ണം | 25,000/- | 50,000/- |
| 8 | സൈലേജ് നിർമ്മാണ യന്ത്രം(സംയോജിതം) | 1 എണ്ണം | 5,00,000/- | 5,00,000/- |
| 9 | മറ്റ് ഉപകരണങ്ങൾ | 525 എണ്ണം | 100/- | 52,500/- |
| 10 | ഇൻഷ്വറൻസ് | 525 എണ്ണം | 7.5% | 3,25,000/- |
| 11 | മറ്റ് പലവിധ ചെലവുകൾ | | | 25,000/- |
| | ആകെ | | | 87,30,000/- |

## III. മാതൃകാ പന്നി വളർത്തൽ സംരംഭകത്വ പദ്ധതി

| ക്രമ നം. | വിവരങ്ങൾ | മൊത്തം യൂണിറ്റ് | യൂണിറ്റ് തുക (രൂപ) | മൊത്തം യൂണിറ്റ് തുക (രൂപ) |
|---|---|---|---|---|
| എ | **പന്നിക്കൂടിന്റെ നിർമ്മാണം** | | | |
| 1 | പെൺ പന്നികൾക്കുള്ള ഷെഡ് @ 20 സ്ക്വയർ ഫീറ്റ്/ പന്നി | 2000 | 200/- | 4,00,000/- |
| 2 | ആൺ പന്നികൾക്കുള്ള ഷെഡ് @ 20 സ്ക്വയർ ഫീറ്റ്/ പന്നി | 700 | 200/- | 1,40,000/- |
| 3 | പ്രസവത്തിനായുള്ള കൂട് @ 80 സ്ക്വയർ ഫീറ്റ്/ പന്നി, 50 പന്നികൾക്ക് | 4000 | 150/- | 6,00,000/- |
| 4 | പന്നിക്കുഞ്ഞുങ്ങൾക്കുള്ള കൂട് @ 10 സ്ക്വയർ ഫീറ്റ്/ പന്നിക്കുഞ്ഞ്, 3000 പന്നിക്കുഞ്ഞുങ്ങൾക്ക് | 30000 | 100/- | 30,00,000/- |
| 5 | സ്റ്റോർ മുറി 500 സ്ക്വയർ ഫീറ്റ് | 500 | 150/- | 75,000/- |
| | ആകെ (എ) | | | 42,15,000/- |
| ബി | **പ്രജനനത്തിനുള്ള പന്നിക്കുഞ്ഞുങ്ങളുടെ വില** | | | |
| 1. | 5 മാസം പ്രായമായ പെൺ പന്നി (ഏകദേശം 50 കിലോഗ്രാം തൂക്കം) | 100 | 100/കിലോഗ്രാം | 5,00,000/- |
| 2 | 6 മാസം പ്രായമായ പെൺപന്നി (ഏകദേശം 60 കിലോഗ്രാം തൂക്കം) | 10 | 120/ കിലോഗ്രാം | 72,000/- |
| | ആകെ (ബി) | | | 5,72,000/- |
| സി | **മറ്റ് ചെലവുകൾ** | | | |
| 1 | ഉപകരണങ്ങളുടെ വില | 110 | 350/പന്നി | 38,500/- |
| 2 | പന്നിക്കുഞ്ഞുങ്ങൾക്കുള്ള ഉപകരണങ്ങൾ | 3000 | 50 | 1,50,000 |
| 3 | ഇൻഷ്വറൻസ് (@ 7.5%) | 110 | 110 | 42,900/- |
| 4 | വെറ്ററിനറി സഹായം | 110 | 100 | 11,000/- |
| | ആകെ (സി) | | | 2,42,400/- |

**മൊത്തം തുക (എ+ ബി+ സി) - 50,29,400/- രൂപ**

## IV. സൈലേജ് നിർമ്മാണ യൂണിറ്റ് - മാതൃകാ പദ്ധതി

**( 2000 - 2400 മെട്രിക് ടൺ / വർഷം )**

| ക്രമ നമ്പർ | വിവരങ്ങൾ | മൊത്തം തുക (രൂപ) |
|---|---|---|
| 1 | ഷെഡ്, ഗോഡൗൺ നിർമ്മാണം @ 200/- Sq.Ft (സാധനങ്ങൾക്ക്) | 4,00,000/- |
| 2 | ബെയ്‌ലിംഗ് യൂണിറ്റ് ( 120 - 150 മെട്രിക് ടൺ) | 30,00,000/- |
| 3 | ഹാർവെസ്റ്റർ - 1 എണ്ണം | 5,00,000/- |
| 4 | ചാഫ് കട്ടർ (പവർ ഓപ്പറേറ്റഡ്) - 1 എണ്ണം | 5,00,000/- |
| 5 | പ്ലാന്റ്, മെഷീനറി എന്നിവയുടെ ഇൻസ്റ്റലേഷൻ ചെലവ് | 2,00,000/- |
| 6 | മെഷീനറി സൂക്ഷിക്കുവാനുള്ള ഷെഡ് നിർമ്മാണം @ 200/- Sq.Ft (സാധനങ്ങൾക്ക്) | 4,00,000/- |
| | **ആകെ** | **50,00,000/-** |

**V ഫോഡർ ബ്ലോക്ക് നിർമ്മാണ യൂണിറ്റ് - മാതൃകാ പദ്ധതി** (30 മെട്രിക് ടൺ/ ദിവസം)

| ക്രമ നമ്പർ | വിവരങ്ങൾ | എണ്ണം | മൊത്തം തുക (രൂപ) |
|---|---|---|---|
| 1 | LD- HD കട്ടിംഗ് മെഷീൻ (ഇലക്ട്രിക് മോട്ടോർ, സ്റ്റാർട്ടർ, പാനൽ ബോർഡ്, വി- ബെൽറ്റ്, പുള്ളിംഗ്സ്, മുതലായവ സഹിതം) (വയ്ക്കോൽ മുതലായ കുറഞ്ഞ സാന്ദ്രതയുള്ള സാധനങ്ങൾ ) | 1 | 4,00,000/- |
| 2 | LD- HD മിക്സർ യൂണിറ്റ് (ഇലക്ട്രിക് മോട്ടോർ സഹിതം) ഉയർന്ന സാന്ദ്രതയുള്ള കാലിത്തീറ്റ പ്രീമിക്സുകൾ | 1 | 3,00,000/- |
| 3 | സാന്ദ്രമാക്കിയ TMR ബ്ലോക്ക് നിർമ്മാണ യൂണിറ്റ് (ഇലക്ട്രിക് മോട്ടോർ, സ്റ്റാർട്ടർ, ഹൈഡ്രോളിക് ഓയിൽ, കൂളിംഗ് സിസ്റ്റം, ഉൾപ്പെടെ) | 2 | 38,70.000/- |
| 4 | ഇലക്ട്രോണിക് പ്ലാറ്റ്ഫോം വെയിംഗ് സ്കെയിൽ | 2 | 90,000/- |
| 5 | മെയിൻ കൺട്രോൾ പാനൽ (എല്ലാ ഫിറ്റിംഗുകൾ സഹിതം) | 1 | 4,45,000/- |
| 6 | തയ്യൽ യന്ത്രം (ഇരട്ട ത്രെഡ്) | 2 സെറ്റ് | 20,000/- |
| 7 | മൊളാസെസ്സ് സ്റ്റോറേജ് ടാങ്ക് (2 മെട്രിക് ടൺ കപ്പാസിറ്റി), ഓവർ ഹെഡ് മൊളാസെസ്സ് ടാങ്ക് ( 80 കി.ഗ്രാം കപ്പാസിറ്റി) | 1 സെറ്റ് | 3,25,000/- |
| 8 | ഗ്രൈന്റിംഗ് സെക്ഷൻ (എലവേറ്റർ മോട്ടോർ, കണക്റ്റിംഗ് പീസ്, മാഗ്നെറ്റ് മുതലായവ സഹിതം), പൊടിക്കേണ്ടുന്നവ സൂക്ഷിക്കുവാനുള്ള എം.എസ് ബിന്നുകൾ, ഹാമർ മിൽ (2 മെട്രിക് ടൺ/ മണിക്കൂർ കപ്പാസിറ്റി), ഫൗണ്ടേഷനിൽ ഉറപ്പിക്കുന്നതിനും, മോട്ടോറും മറ്റ് പാർട്ടുകളും ഉൾപ്പെടെ | 2 സെറ്റ് | 3,50,000/- |
| 9 | മിക്സിംഗ് സെക്ഷൻ (പൊടിച്ച സാധനങ്ങൾക്കുള്ള Lifting Elevator with Discharge Motor, Connecting Magnet, Bins, Paddle Type Batch Mixer ഉൾപ്പെടെ) | 1 സെറ്റ് | 4,00,000/- |
| 10 | 140 കെ.വി.എ. ജനറേറ്റർ സെറ്റ് | 1 | 5,00,000/- |
| 11 | മെഷീനറി സൂക്ഷിക്കുവാനുള്ള ഷെഡ് (60’ x 50’ x 20’) @ Rs. 200/- per Sq. Ft. | 1 | 6,00,000/- |
| 12 | അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുവാനുള്ള ഷെഡ് (60’ x 100’ x 20’) @ Rs. 200/- per Sq. Ft. | 1 | 12,00,000/- |
| | ആകെ | | 85,00,000/- |

# രാഷ്ട്രീയ ഗോകുൽ മിഷൻ 2021 – 22

## കന്നുകാലി വർദ്ധനവിനായി ഫാമുകൾ

### ആമുഖം

- രോഗമുക്തമായതും മികച്ച പാലുൽപ്പാദന ശേഷിയുമുള്ള കിടാരികളുടെയും പശുക്കളുടെയും ലഭ്യതക്കുറവ്, ക്ഷീരോൽപ്പാദന മേഖലയിലേയ്ക്ക് കടന്നു വരുന്നതിന് സംരംഭകർക്ക് ബുദ്ധിമുട്ടുകളുണ്ടാക്കുന്നു.
- അതിനാൽ സംരംഭകത്വ മാതൃകയിൽ കന്നുകാലി വർദ്ധനവിനായി ഫാമുകൾ സ്ഥാപിക്കുക വഴി (നാടൻ ഇനങ്ങൾക്ക് മുൻഗണന) മികച്ച ജനിതകശേഷിയുള്ള കിടാരികളെയും, പശുക്കളെയും കർഷകർക്ക് ലഭ്യമാക്കുകയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യം.
- താൽപ്പര്യമുള്ള സംരംഭകർക്ക് 50% വരെ മൂലധന സബ്സിഡി ലഭിക്കുന്നതാണ്.

### ഉദ്ദേശ്യങ്ങൾ

- പശു/എരുമ വളർത്തൽ മേഖലയിൽ സ്വകാര്യ സംരംഭകരെ പ്രോൽസാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്യുക.
- പശു/എരുമ എന്നിവയുടെ നാടൻ ജനുസ്സുകൾക്ക് മുൻഗണന നൽകി, രോഗമുക്തമായതും മികച്ച പാലുൽപ്പാദന ശേഷിയുമുള്ള കിടാരികൾ / പശുക്കൾ എന്നിവയെ കൂടുതലായി ഉൽപ്പാദിപ്പിക്കുക.

### സംരംഭകൻ – യോഗ്യതകൾ

- സ്വകാര്യ വ്യക്തികൾ, സ്വയം സഹായ സംഘങ്ങൾ, ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, സംയുക്ത ബാധ്യതാ ഗ്രൂപ്പുകൾ, സെക്ഷൻ 8 കമ്പനികൾ എന്നിവർ അർഹരാണ്.
- ഫാമുകളിൽ പശുക്കൾ/ എരുമകൾ എന്നിവയെ വളർത്തിയ അനുഭവ പരിചയം
- ഉചിതമായ സ്ഥലത്ത് ആവശ്യമായ സ്ഥലം അപേക്ഷകൻ ഒരുക്കേണ്ടതാണ്. ഇപ്രകാരമുള്ള കുറഞ്ഞത് 5 ഏക്കർ സ്ഥലം സ്വന്തമായോ/ ലീസ് വ്യവസ്ഥയിലോ ഉണ്ടായിരിക്കണം.
- കുറഞ്ഞത് 200 കറവപ്പശുക്കൾ/ എരുമ എന്നിവയെ വളർത്തുന്ന ഫാമുകൾ സ്ഥാപിക്കേണ്ടതും, നൂതനമായ പ്രജനന സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് വംശ വർദ്ധനവ് നടത്തുകയും വേണം.

## ഫിംഗ് രീതി

- ഓരോ സംരംഭകനും, മൊത്തം പദ്ധതി തുകയുടെ 50% വരെ സബ്സിഡി, ഒറ്റത്തവണ യായി ലഭിക്കുന്നതാണ്.
- മൂലധന ചെലവുകൾക്ക് (സ്ഥലത്തിന്റെ വിലയൊഴികെ) മാത്രമാണ് സബ്സിഡി ലഭിക്കുക
- സബ്സിഡി നാഷണൽ ഡയറി ഡവലപ്മെന്റ് ബോർഡ് (NDDB) വഴിയായിരിക്കും നൽകുക.

## പദ്ധതി അംഗീകാരവും, നിരീക്ഷണവും

- പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം, NDDB യാണ് താൽപ്പര്യ പ്രകടനം (Expression of Interest) ക്ഷണിക്കുന്നത്
- താൽപ്പര്യമുള്ള സംരംഭകൻ മാനദണ്ഡങ്ങൾ പ്രകാരമുള്ള പദ്ധതിരേഖ തയ്യാറാക്കി അപേക്ഷ സഹിതം NDDB യ്ക്ക് സമർപ്പിക്കണം.
- ഏത് ബാങ്ക് വഴിയാണ് പദ്ധതിയ്ക്കുള്ള 50% ഫ് ലോണായി സ്വരൂപിക്കുന്നതെന്ന് വ്യക്തമാക്കുന്ന രീതിയിൽ വേണം അപേക്ഷ സമർപ്പിക്കുവാൻ
- അപേക്ഷകൾ/ പദ്ധതികൾ എന്നിവ NDDB പരിശോധിച്ച്, യോഗ്യമായവ ബന്ധപ്പെട്ട ബാങ്കുകൾക്ക് ശുപാർശ ചെയ്യും.
- ബാങ്കുകൾ പദ്ധതി അംഗീകരിച്ച്, ലോൺ തുക സംരംഭകന്റെ അക്കൗണ്ടിൽ ക്രെഡി റ്റാകുന്നതിന്റെ തെളിവ് NDDB യ്ക്ക് ലഭിക്കുന്ന മുറയ്ക്ക്, പദ്ധതി രേഖ ശുപാർശ യോടെ കേന്ദ്ര സർക്കാരിന്റെ മൃഗസംരക്ഷണ മന്ത്രാലയത്തിലേയ്ക്ക് NDDB നൽകും
- കേന്ദ്ര മൃഗസംരക്ഷണ മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് 50% സബ്സിഡി യുടെ ആദ്യ ഇൻസ്റ്റാൾമെന്റ് (25% സബ്സിഡി തുക) സംരംഭകന്റെ ബാങ്ക് അക്കൗണ്ടിൽ കേന്ദ്ര സർക്കാർ നിക്ഷേപിക്കുന്നതാണ്. അതിനായി, പദ്ധതി രേഖ പ്രകാരമുള്ള മുഴുവൻ അടിസ്ഥാന സൗകര്യങ്ങളും പൂർത്തീകരിക്കുകയും, പശു ക്കൾ/ എരുമകൾ എന്നിവയെ വാങ്ങിക്കഴിഞ്ഞതായി NDDB യുടെ റിപ്പോർട്ട് കേന്ദ്ര സർക്കാരിൽ ലഭിക്കേണ്ടതുമാണ്.
- ബാക്കി 25% സബ്സിഡി തുക, 10% കന്നുക്കുട്ടികൾ ഫാമിൽ ജനിച്ചശേഷം മാത്രമെ ലഭിക്കുകയുള്ളൂ.
- ആസ്തികൾ മുഴുവൻ GIS ടാഗിംഗിലൂടെ നിരീക്ഷിക്കുന്നതാണ്.

## പദ്ധതി / സബ്സിഡി തുക

പരമാവധി പദ്ധതി തുക 400 ലക്ഷവും പരമാവധി സബ്സിഡി തുക 200 ലക്ഷവുമായിരിക്കും.

## കന്നുകാലി വർദ്ധനവിനുള്ള ഫാം — - മാതൃകാ പദ്ധതി

| ക്രമ നമ്പർ | വിവരങ്ങൾ | മൊത്തം തുക (ലക്ഷം രൂപ) |
|---|---|---|
| 1 | ഒന്നാം കറവ/ രാം കറവ പശുക്കളെ വാങ്ങുന്നതിന് | 200.00 |
| 2 | ഷെഡ് നിർമ്മാണം (200 ഉരുക്കളും, തുടർന്നുള്ള കുട്ടികൾക്കും) ഒരു പശുവിന് 10 Sq.Mtr നിരക്കിൽ | 100.00 |
| 3 | ഐസൊലേഷൻ ഷെഡ് നിർമ്മാണം | 2.50 |
| 4 | ഓഫീസ് ബ്ലോക്ക് | 20.00 |
| 5 | തീറ്റ വസ്തുക്കളുടെ സ്റ്റോർ നിർമ്മാണം | 40.00 |
| 6 | 75 എച്ച്.പി ട്രാക്ടർ, മറ്റ് കാർഷിക ഉപകരണങ്ങൾ | 10.00 |
| 7 | ക്ഷീരോൽപ്പാദന അനുബന്ധ സാമഗ്രികൾ (ബൾക്ക് മിൽക്ക് കൂളർ, എസ്.എസ്. മിൽക്ക് ക്യാനുകൾ, മിൽക്കോ ടെസ്റ്റർ, ഡീപ് ഫ്രീസർ മുതലായവ) | 5.00 |
| 8 | കാർഷിക സാമഗ്രികൾക്കുള്ള സ്റ്റോർ | 22.50 |
| 9 | ചാഫ് കട്ടർ (ഇലക്ട്രിക്) | 1.00 |
| | ആകെ | 401.00 |

- **NDDB, Expression of Interest** (താൽപ്പര്യ പ്രകടന പത്രം) വിളിച്ചു കഴിഞ്ഞു.
- **Expression of Interest** വിവരങ്ങൾ **tenders.nddb.coop** എന്ന വെബ് സൈറ്റിൽ ലഭ്യമാണ്.
- ഇതിനായുള്ള ഫോമുകൾ സൗജന്യമായി ഡൗൺലോഡ് ചെയ്യാവുന്നതാണ്.
- ഇതിനായി ആദ്യം മേൽപ്പറഞ്ഞ സൈറ്റിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.
- **Expression of Interest** ഓൺലൈനായി സമർപ്പിക്കാവുന്നതാണ്.
- **Expression of Interest** സമർപ്പിക്കുന്നതിന് പ്രത്യേകിച്ച് സമയപരിധി ഇല്ല. എന്നാൽ കഴിയുന്നതും വേഗം ഇത് സമർപ്പിക്കേണ്ടതാണ്.

## <u>സംശയങ്ങൾക്ക് ബന്ധപ്പെടുക</u>


| | | |
|---|---|---|
| ഡോ.ആർ.രാജീവ്, ജനറൽ മാനേജർ, കെ.എൽ.ഡി.ബി | – | 9446004276 |
| ഡോ.വി.ജ്യോതിഷ് കുമാർ,<br>ഡെപ്യൂട്ടി ജനറൽ മാനേജർ (എഫ്.ഡി), കെ.എൽ.ഡി.ബി | – | 9446004277 |
| ഡോ.ടി.സജീവ് കുമാർ,<br>ഡെപ്യൂട്ടി ജനറൽ മാനേജർ (ബി.റ്റി), കെ.എൽ.ഡി.ബി. | – | 9446004368 |
| ശ്രീ.കെ.എസ്. ഉദയകുമാർ,<br>മാനേജർ (എ.ഇ), കെ.എൽ.ഡി.ബി | – | 9446004363 |
| കെ.എൽ.ഡി.ബി ഓഫീസ് | – | 0471–2449138 |